# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

**നമ്പർ.എസ്റ്റാ.I(1)19229/13/ഗ.വി.** **തിരുവനന്തപുരം,**
**തീയതി: 28/11/2013.**

## <u>ക്വട്ടേഷൻ നോട്ടീസ്</u>

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആഫീസിലേയ്ക്ക് ഒരു 32 inch Sony LED (Wall mount) TV with Stabilizer വിതരണം ചെയ്യുന്നതിന് മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ "TV വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ" എന്ന മേൽക്കുറിപ്പോടെ "സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-4" എന്ന വിലാസത്തിൽ 2013 ഡിസംബർ മാസം 11-ാം തിയതി 1 മണിക്കു മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം 3 മണിക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയ ആളുകൾ ഹാജരായാൽ അവരുടേയും സാന്നിദ്ധ്യത്തിൽ തുറക്കുന്നതും, തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ക്വട്ടേഷൻ അംഗീകരിക്കപ്പെട്ടുകഴിഞ്ഞാൽ നിശ്ചയിക്കപ്പെടുന്ന തീയതിക്ക് പ്രസ്തുത സാമഗ്രികൾ വിതരണം ചെയ്യേണ്ടതാണ്. തുക സംബന്ധിച്ച ഇൻവോയ്സ്/ബില്ലിന്റെ മൂന്നു പകർപ്പുകളും ഹാജരാക്കേണ്ടതാണ്. തുക ഡി.ഡി. യായി നൽകുന്നതായിരിക്കും. ഈ ക്വട്ടേഷനുകൾ കേരള സ്റ്റോഴ്സ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും

ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള അധികാരം കെ.പി.എസ്.സി സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

11.12.2013 -ാം തീയതി പൊതു അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തിദിവസം ക്വട്ടേഷൻ നൽകുന്ന അവസാന തീയതിയായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് എസ്റ്റാബ്ലിഷ്മെന്റ് I സെക്ഷനുമായി ബന്ധപ്പെടേണ്ടതാണ്.
ഫോൺ നമ്പർ 0471-2546250, 0471-2546224, 0471-2546219 .

**Sd/-**
**പി.സി. ബിനോയി,**
**സെക്രട്ടറി,**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.**

വെബ്സൈറ്റ്
പി.ആർ യൂണിറ്റ്
എൻക്വയറി